"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ അംഗമായിരുന്ന ശ്രീ.എൽ.ജ്യോതികുമാറിന് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉപഭോക്തൃകാര്യവകുപ്പ്**

സ.ഉ.(സാധാ) നം.20/2025/CAD തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം.175/2016/ധന, തീയതി 28.11.2016.
2. സ.ഉ.(അച്ചടി) നം.113/2019/ധന, തീയതി 24.08.2019.
3. സ.ഉ.(അച്ചടി) നം.87/2023/ധന, തീയതി 17.08.2023.
4. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 28-02-2025-ലെ KSCDRC/ 2/2023-G നമ്പർ കത്ത്.

**ഉത്തരവ്**

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അവരുടെ യോഗ്യസേവന കാലാവധി പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങളിൽ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ള അംഗങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനിൽ അംഗമായി 24-09-2009 തീയതിയിൽ നിയമിതനായ ശ്രീ.എൽ.ജ്യോതികുമാർ 23-09-2014 തീയതിയിൽ വിരമിക്കുകയും, 24-05-2021 തീയതിയിൽ ടിയാൻ 5 6 വയസ്സ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ ടിയാന് 5 വർഷത്തെ സേവനത്തിന് നിലവിൽ അനുവദിക്കുന്ന 10,000/- രൂപ പ്രതിമാസ നിരക്കിൽ 25-05-2021 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി &രജിസ്ട്രാർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി&രജിസ്ട്രാർ ബന്ധപ്പെട്ട രേഖകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ, കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ 5 വർഷം അംഗമായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൽ.ജ്യോതികുമാറിന് പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

| പേര് | ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ | സേവന കാലാവധി | വിരമിക്കൽ ആനുകൂല്യത്തിന് അർഹമായ തീയതി | വിരമിക്കൽ ആനുകൂല്യം പ്രതിമാസം |
|---|---|---|---|---|
| ശ്രീ.എൽ. ജ്യോതികുമാർ | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ, കോഴിക്കോട് | 5 വർഷം | 25-05-2021 | 10,000/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU R R

ഡെപ്യൂട്ടി സെക്രട്ടറി

1. കമ്മീഷണർ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം.
3. ശ്രീ.എൽ.ജ്യോതികുമാർ (സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്.
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിങ്, ഐ & പി.ആർ.ഡി.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി (CA1/13/2025/CAD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 10-04-2025 10:48:17

സെക്ഷൻ ഓഫീസർ